പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 311 | 27.02.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി. മമ്മുട്ടി** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ എത്രപേർ ചികിത്സയിലുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 1207 പേർ. |
| ബി) | ഇവിടെ കഴിയുന്നവരിൽ രോഗം പൂർണ്ണമായി മാറിയ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | 113 പേർ |
| സി) | രോഗം മാറിയിട്ടും ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാൽ ഇവിടെ തുടരുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | 102 പേർ |
| ഡി) | ഇവരുടെ സേവനം ഇവിടങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; അവർക്ക് അതിന് പ്രതിഫലം നൽകുന്നുണ്ടോ; | ഡി) | സംസ്ഥാനത്തെ 3 സർക്കാർ മാനസികാ രോഗ്യ കേന്ദ്രങ്ങളിലും, ചികിത്സയുടെ ഭാഗമായി രോഗികളുടെ താൽപര്യത്തിനും കഴിവിനും അനുസരിച്ചുള്ള തൊഴിലധിഷ്ഠിത ചികിത്സാ വിഭാഗത്തിൽ ഏർപ്പെടുത്തി പ്രോത്സാഹന സൂചകമായുള്ള പ്രതിഫലം നൽകുന്നുണ്ട്. |
| ഇ) | ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ? | ഇ) | എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും എൻ.ജി.ഒ.-കളുടെ സഹായത്തോടെ ഇത്തരം രോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനു പുറമെ ജില്ലാ നിയമ സഹായവേദിയുടേയും സംസ്ഥാന നിയമസഹായ വേദിയുടേയും സഹായത്താൽ ഇതര സംസ്ഥാനത്തിലെ അന്തേവാസികളെ പോലീസ് വകുപ്പിന്റെ സഹായത്തോടെ അവരവരുടെ സംസ്ഥാനങ്ങളിൽ എത്തിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ